പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 18 — 27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.ടി.ബലറാം | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതിൽ സെക്രട്ടേറിയറ്റിലെ ഏതെങ്കിലും വകുപ്പുകളെ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം എന്തായിരുന്നുവെന്ന് അറിയിക്കുമോ ; | (എ) ഉണ്ട്. 04.01.2017 ലെ G.O.(Ms) No.1/17/ P&ARD പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ പൊതുഭരണം, ധനകാര്യ വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള മധ്യതല സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും യുവജനങ്ങളെ സർക്കാർ സംവിധാനത്തിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യവും മുൻനിർത്തി സംസ്ഥാനത്തെ 29 വകുപ്പുകളെയും എല്ലാ വകുപ്പുകളിലെ പൊതുതസ്തികകളെയുമാണ് നിർദ്ദിഷ്ട സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) സെക്രട്ടേറിയറ്റിനെയും ലൈൻ ഡിപ്പാർട്ടുമെന്റുകളെയും ഒന്നിപ്പിച്ച് ഫീഡർ കാറ്റഗറി ആക്കുന്നത് യോഗ്യത, ടേംസ് ഓഫ് സർവ്വീസ് എന്നിവയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; | (ബി) ഇല്ല |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഭരണ പരിഷ്കാര കമ്മീഷനിലും പി & എ.ആർ.ഡി.യിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുക്കുന്നതിന് മുമ്പ് പരിശോധിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായ സെക്രട്ടറിമാരുടെ കമ്മിറ്റി 2016 നവംബർ 17, 18, 19 തീയതിയിൽ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയത് പരിശോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സെക്രട്ടേറിയറ്റിലെ ഏതെങ്കിലും തസ്തികയിലെ ജീവനക്കാർക്ക് കാര്യക്ഷമതയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കണ്ടെത്തലെന്ന് അറിയിക്കുമോ; കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ റിമാർക്സ് വാങ്ങിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | കെ. എ. എസ് നടപ്പിലാക്കുവാനുള്ള തീരുമാനം മന്ത്രിസഭായോഗത്തിൽ ഔട്ട് ഓഫ് അജണ്ടയായിട്ടാണോ വച്ചത്; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഇ) | അതെ. ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സെക്രട്ടേറിയറ്റിനെക്കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ നടത്തിയ ചർച്ചകൾക്കും അവലോകനത്തിനുമൊടുവിൽ പ്രസ്തുത സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ഭരണപരമായ ആവശ്യകത കണക്കിലെടുത്തുകൊണ്ടാണ് ഔട്ട് ഓഫ് അജണ്ട ആയി പ്രസ്തുത വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിച്ചത്. |
| (എഫ്) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ 30 വകുപ്പുകളിലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതായി വരുമോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; | (എഫ്) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതരവകുപ്പുകളിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമെങ്കിൽ ആ ഘട്ടത്തിൽ പരിഗണിക്കുന്നതാണ്. |
| (ജി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് ശ്രീമതി നളിനി നെറ്റോ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | (ജി) | ഉണ്ട്. പ്രസ്തുതകമ്മിറ്റിയുടെ അവലോകന റിപ്പോർട്ട്കൂടി പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ